(ബി&സി) അന്വേഷണ ഘട്ടത്തിൽ തന്നെ ടി കേസുകളിൽ കുറ്റാരോപിതരായ ശ്രീ. കെ. പി. ജോർജ്, ഗ്രീൻബർഗ് റിസോർട്ട്, കുളമാവിന്റെ അപേക്ഷയിൽ ആണ് സ്റ്റേ അനുവദിച്ചിരിക്കുന്നത്. വി.സി. 07/2013/റ്റി.എസ്.ആർ. അന്വേഷണം പൂർത്തിയാക്കി അനന്തര നടപടികൾ ആവശ്യമില്ലായെന്നുകണ്ട് ബഹുമാനപ്പെട്ട തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

അഴിമതിയാരോപണങ്ങളിലെ അന്വേഷണം

274 (2149) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയാരോപണങ്ങളിൽ 15 ദിവസത്തിനകം വിജിലൻസ് പരിശോധന പൂർത്തിയാക്കി പരാതിയിൽ തീർപ്പുകൽപ്പിക്കണമെന്ന ബഹു. സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബാർ അഴിമതി കേസിന്റെ അന്വേഷണത്തിൽ പ്രസ്തുത വിധി പാലിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നടത്തുന്ന വെളിപ്പെടുത്തലുകളും പ്രാഥമിക തെളിവായി അംഗീകരിക്കാമെന്ന് 2000-ലെ തെളിവ് നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള അന്വേഷണം പ്രസ്തുത കേസിലും നടത്തിയിട്ടുണ്ടോ ;

(ഡി) ആരോപണം ഉന്നയിച്ചയാൾ മൊഴി നൽകുമ്പോൾ മാറ്റിപ്പറഞ്ഞാലും മാധ്യമങ്ങളിൽ വന്ന വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് നിലനിൽക്കുന്നതാണോ?

ഉത്തരം

(എ) അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണമെന്ന് സുപ്രീം കോടതിയുടെ വിധിയിൽ നിഷ്കർഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസിൽ ലഭിച്ച പരാതിയിൽ അഴിമതി നിരോധന നിയമ പ്രകാരം ആരോപിക്കപ്പെട്ട കുറ്റം വെളിവാകുന്നുണ്ടോ എന്ന നിഗമനത്തിൽ എത്തിച്ചേരാൻ വേണ്ടിയാണ് അന്വേഷണം നടത്തുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ നടത്തിയ അന്വേഷണത്തിൽ കുറ്റം വെളിവാകാത്ത സാഹചര്യത്തിൽ അന്വേഷണം തുടർന്നു വരുന്നു.

(സി) ഉണ്ട്.

(ഡി) ഈ കേസിന്റെ അന്വേഷണം നടന്നുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള അഭിപ്രായത്തിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly